Draft #1 of File 69233/AD B2-2/2020/AD B 2 Approved by ASSISTANT REGISTRAR III (ADMIN) on 01-Dec-2020 04:18 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല**

**പി. ഡി. ഹിൽസ്**

**അതിരമ്പുഴ, കോട്ടയം -686560**

69233/AD B2-2/2020/AD B 2 01.12.2020

## <u>ടെണ്ടർ നോട്ടീസ്</u>

സർവ്വകലാശാല തിരിച്ചറിയൽ കാർഡുകളോടൊപ്പം നൽകുന്ന കാർഡ് ഹോൾഡർ , ടാഗ് എന്നിവ വിതരണം ചെയ്യുന്നതിനായി, അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും സീൽ ചെയ്ത മത്സരാധിഷ്ഠിത ടെൻഡറുകൾ ക്ഷണിച്ചുകൊള്ളുന്നു.

<u>**ഇനവിവരണം**</u>

| ക്രമ നം. | ഇനം | യൂണിറ്റ് | ആവശ്യമുള്ള എണ്ണം |
|---|---|---|---|
| 1. | Card Holder (Single side) - White/Black | Nos. | 3000 |
| 2. | Customized Lanyard- 90cm lengh, 16mm width, double side colour digital printing (washable) with name and emblem (Mahatma Gandhi University) | Nos. | 3000 |

ടെണ്ടർ അടങ്ങുന്ന കവറിന് പുറത്ത് ടെണ്ടർ നമ്പർ രേഖപ്പെടുത്തേണ്ടതും രജിസ്ട്രാർ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, പി.ഡി ഹിൽസ് പി.ഒ, കോട്ടയം -686560 എന്ന വിലാസത്തിൽ അയക്കേണ്ടതുമാണ്.

**ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി , സമയം: 17/12/ 2020, 3 പി.എം വരെ**
**ടെണ്ടർ തുറക്കുന്ന തീയതി,സമയം: 17/12/2020, 3.15 പി.എം**
**ടെണ്ടർ ഫോറം വില - 500/- രൂപ**
**നിരതദ്രവ്യം- 2100 /- രൂപ**

കൂടുതൽ വിവരങ്ങൾ എല്ലാ പ്രവൃത്തി ദിവസങ്ങളിലും ഭരണവിഭാഗം എഡിബി 2 സെക്ഷനിൽ (ഫോൺ നം. 0481 2733307) നിന്നും www. mgu.ac.in എന്ന വെബ്സൈറ്റിൽ നിന്നും അറിയാവുന്നതാണ്.

<u>**പ്രത്യേക നിബന്ധനകൾ**</u>

1.വിതരണം ചെയുന്ന സാധനങ്ങളുടെ വ്യാപാര നാമം ടെണ്ടറിൽ പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. സ്ഥാപനത്തിന്റെ ജി.എസ്.റ്റി നമ്പറും ടെൻഡറിൽ പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.

2.സർവ്വകലാശാലയുടെ ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും ടെണ്ടർ ഫോറം ഡൗൺലോഡ് ചെയ്യാവുന്നതാണ്. (www.mgu.ac.in/Downloads/ Other Forms/ Format of Tender Form)

3. ടെണ്ടർ ഫോറത്തിന്റെ വില സർവ്വകലാശാലയുടെ ഓൺലൈൻ പെയ്മെന്റ് സംവിധാനം മുഖേന അടയ്ക്കേണ്ടതും പണമടച്ചതിന്റെ രസീത് ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതുമാണ്.

4. ടെണ്ടറിനോടൊപ്പം ഉള്ളടക്കം ചെയുന്ന നിരത ദ്രവ്യം, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി Online Payment സംവിധാനത്തിലൂടെ

(www.mgu.ac.in-Online Payment-Miscellaneous ) സമർപ്പിക്കാവുന്നതാണ്.

5. എല്ലാവിധ നികുതിയും, പാക്കിങ്, ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്, കയറ്റിറക്ക് കൂലി മുതലായവ ഉൾപ്പടെയുള്ള തുകയാണ് രേഖപ്പെടുത്തേണ്ടത്

6. ഓരോ ഇനത്തിന്റെയും കുറഞ്ഞ വിലയുടെ അടിസ്ഥാനത്തിലാണ് വിതരണ ഉത്തരവ് നൽകുന്നത് അതിനാൽ ടെണ്ടറിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങൾ സാധനങ്ങൾ ഭാഗികമായി വിതരണം ചെയ്യുന്നതിന് സന്നദ്ധമായിരിക്കണം

**7. ടെണ്ടറിനോടൊപ്പം സാമ്പിളുകൾ സമർപ്പിക്കേണ്ടതാണ്.**

8. ടെണ്ടറുകൾക്ക് രണ്ട് മാസത്തെ പ്രാബല്യം ഉണ്ടായിരിക്കും.

9. 200 രൂപയുടെ മുദ്രപത്രത്തിൽ പ്രിലിമിനറി എഗ്രിമെൻറ് സമർപ്പിക്കേണ്ടതാണ്

10.ടെണ്ടർ ഉറപ്പിച്ചു കഴിഞ്ഞാൽ കരാറിനൊപ്പം ഹാജരാക്കുന്ന കരുതൽ നിക്ഷേപം, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി Online Payment സംവിധാനത്തിലൂടെ ( www .mgu .ac .in - Online Payment - Miscellaneous ) സമർപ്പിക്കാവുന്നതാണ്.

11. അംഗീകരിക്കപ്പെടുന്ന ടെൻഡറുകൾ സപ്ലൈ ഓർഡർ തീയതി മുതൽ മൂന്ന് ആഴ്ചയ്ക്കുള്ളിൽ സപ്ലൈ പൂർത്തിയാക്കേണ്ടതാണ്.

12. സാധനങ്ങൾ സർവകലാശാലയുടെ ജനറൽ സ്റ്റോറിൽവിതരണം ചെയ്യണം.

13. നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന അവസാന സമർപ്പണ സമയം കഴിഞ്ഞു ലഭിക്കുന്ന ടെൻഡറുകൾ സ്വീകരിക്കുന്നതല്ല.

14. ടെണ്ടർ സ്വീകരിക്കുന്നതോ തുറക്കുന്നതോ ദിവസം അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം ടെൻഡർ സ്വീകരിക്കുന്നതും തുറക്കുന്നതാണ്.

15. ടെണ്ടർ മാറ്റി വയ്ക്കുവാനോ കാരണം കാണിക്കാതെ തന്നെ നിരസിക്കുന്നതിനൊ രജിസ്ട്രാർക്ക് അധികാരം ഉണ്ടായിരിക്കും.

PRADEEP R

ASSISTANT REGISTRAR III (ADMIN)

അംഗീകാരത്തോടെ പുറപ്പെടുവിക്കുന്നു .

സെക്ഷൻ ഓഫീസർ

പകർപ്പുകൾ :-

1. സ്റ്റോർ കീപ്പർ, ജനറൽ സ്റ്റോർ

2.പി.ആർ.ഒ (രണ്ട് പ്രമുഖ മലയാളം ദിനപത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)

3. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ (യൂണി. വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനുവേണ്ടി)

4. ഗവൺമെൻറ് ഓഡിറ്റ്

Draft #1 of File 69233/AD B2-2/2020/AD B 2 Approved by ASSISTANT REGISTRAR III (ADMIN) on 01-Dec-2020 04:18 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 69233/AD B2-2/2020/AD B 2 Approved by ASSISTANT REGISTRAR III (ADMIN) on 01-Dec-2020 04:18 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം